76 (1672) ജോർജ്കുട്ടിയുടെ മരണം

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി പഴവങ്ങാടി മുക്കാലുമണ്ണിൽ ഓടുക്കണ്ടത്തിൽ ജോർജ് കുട്ടിയുടെ കൊലപാതകത്തെപ്പറ്റി അന്വേഷിക്കുവാൻ ക്രൈംബ്രാഞ്ചിനെ എന്നാണ് ചുമതലപ്പെടുത്തിയത്;

(ബി) ഇതുവരെ നടത്തിയ അന്വേഷണത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) 13.11.1998-നാണ് ഈ കേസ്സ് ക്രൈംബ്രാഞ്ചിന് കൈമാറിയത്. ഊർജ്ജിതമായി അന്വേഷിച്ചുവരികയാണ്.

77 (1673) പാനൂരിൽ കടകൊള്ളയടിച്ചതിനെതിരെ സ്വീകരിച്ച നടപടി

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഡിസംബർ ആദ്യവാരം പാനൂരിൽ കൊള്ളയടിക്കുകയും നശിപ്പിക്കുകയും ചെയ്ത കടകൾ എത്ര എണ്ണമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നാശനഷ്ടം സംഭവിച്ച നിരപരാധികളായ ഈ കട ഉടമകൾക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സർക്കാർ പരിഗണിക്കുമോ;

(സി) ഈ കടകൾ ആക്രമിക്കുകയും നശിപ്പിക്കുകയും ചെയ്ത അക്രമികളിൽ എത്രപേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്രപേരെ കോടതിയിൽ ഹാജരാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; പ്രതികൾക്കുവേണ്ടിയുള്ള തെരച്ചിൽ ഊർജ്ജിതപ്പെടുത്തുമോ;

(ഡി) അക്രമികളിൽ നിന്നും കൂടി നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അഞ്ച് കടകൾ കൊള്ളയടിക്കപ്പെട്ടു. മൂന്ന് കടകൾ നശിപ്പിക്കപ്പെട്ടു.

(ബി) വീടുകളും മറ്റ് സ്വത്തുവകകളും നഷ്ടപ്പെട്ടവരുടെ വിശദവിവരം തയ്യാറാക്കുവാൻ കണ്ണൂർ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ടു ലഭിച്ചതിനുശേഷം ഉചിതമായി നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

(സി) രണ്ടുപേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. മറ്റ് പ്രതികൾക്കുവേണ്ടിയുള്ള തെരച്ചിൽ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly